പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 294 | 28/01/2019 ൽ മറുപടി<br>നല്കേണ്ടത്. |

## വെളിച്ചെണ്ണയിൽ വ്യാപകമായി മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കുന്ന വെളിച്ചെണ്ണയിൽ വ്യാപകമായി മായം കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | 2018 ൽ മായം കലർത്തിയതായി കണ്ടെത്തിയ എത്ര ബ്രാന്റ് വെളിച്ചെണ്ണയുടെ ഉല്പാദനവും, വില്പനയുമാണ് സംസ്ഥാനത്ത് നിരോധിച്ചത്; | ബി) | മായം കലർത്തിയതായി കണ്ടെത്തിയ 166 ബ്രാൻഡു വെളിച്ചെണ്ണകളുടെ ഉല്പാദനവും വിൽപനയുമാണ് 2018-ൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിരോധിച്ചിട്ടുള്ളത്. |
| സി) | നിരോധിച്ച ബ്രാന്റുകൾ പേരുമാറ്റി പുതിയ പേരിൽ വിപണിയിൽ വിൽക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; | സി) & ഡി) | നിരോധിക്കപ്പെട്ട വെളിച്ചെണ്ണ പുതിയ ബ്രാൻഡിലോ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കേരളത്തിൽ എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധനകൾ നടത്തുന്നുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും ഇത്തരത്തിൽ ബ്രാന്റ് മാറ്റി വില്പന നടത്തിയ ഏതെങ്കിലും ഉല്പാദകർക്കെതിരെ കേസെടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ